പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3755

20.10.2016-ൽ മറുപടിക്ക്

## കായൽ കൈയ്യേറ്റം

ചോദ്യം

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ

ഉത്തരം

ശ്രീ. ഇ. ചന്ദ്രശേഖരൻ

(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കായൽ കൈയ്യേറ്റം സംബന്ധിച്ച് എന്ത് നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; കൈയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കുന്നത്; വിശദമാക്കാമോ? | (എ) | നിലവിൽ താലൂക്ക് സർവ്വെയർമാർ മുഖേന കണ്ടെത്തിയ കായൽ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് കേരളാ ഭൂസംരക്ഷണ നിയമപ്രകാരവും പഞ്ചായത്ത് രാജ് ആക്ട് അനുസരിച്ച് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന കായൽ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്കും നിർദ്ദേശം നൽകി കയ്യേറ്റം ഒഴിപ്പിക്കുന്നതിനും തടയുന്നതിനും ഫലപ്രദമായി നടപടി സ്വീകരിച്ചു വരുന്നുണ്ട്.<br><br>1994-ലെ പഞ്ചായത്ത് രാജ് നിയമപ്രകാരവും , 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമപ്രകാരവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിയിലുള്ള സർക്കാർ വസ്തുക്കളുടെ കയ്യേറ്റം ഒഴിപ്പിക്കുന്നത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കർശ്ശന നിർദ്ദേശം നൽകിയിട്ടുണ്ട്. പഞ്ചായത്തുകളിൽ 1996-ലെ കേരള പഞ്ചായത്ത് രാജ് (കയ്യേറ്റം നീക്കം ചെയ്യലും അനധികൃതമായി കൈവശം വയ്ക്കുന്നതിന് പിഴച്ചുമത്തലും ഈടാക്കലും) ചട്ടങ്ങൾ അനുസരിച്ചാണ് കയ്യേറ്റം ഒഴിപ്പിച്ചു വരുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള വസ്തുക്കളുടെ കയ്യേറ്റം ശ്രദ്ധയിൽപ്പെടുന്ന പക്ഷം ആയത് അളന്ന് തിട്ടപ്പെടുത്തി സ്കെച്ച് സഹിതം അഡീഷണൽ തഹസീൽദാർ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിയ്ക്ക് തുടർനടപടികൾക്കായി കൈമാറുന്നു. |

സെക്ഷൻ ഓഫീസർ